# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1918 01.02.2018- ൽ മറുപടിയ്ക്ക്

**ലോക കേരളസഭ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) തിരുവനന്തപുരത്ത് ചേർന്ന ലോക കേരള സഭയുടെ ആദ്യസമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | എ) കേരളത്തിന്റെ വികസന ഭാവിയ്ക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്.<br>• പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.<br>• അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.<br>• പുതിയ കാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം- ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നല്കും.<br>• കേരള വികസന നിധി രൂപീകരണം<br>• പ്രവാസി സംരക്ഷണ പദ്ധതി- രോഗബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നല്കാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ. |

- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം.

- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ.
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ ഭാഗത്ത് കൈക്കൊണ്ടിട്ടുള്ളത് ; | ബി) | പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ അന്തിമ മാർഗ്ഗ രേഖ തയ്യാറായിട്ടില്ല. |
| സി) | ലോകമെമ്പാടുമുള്ള മലയാളികളുടെ കഴിവുകൾ സംസ്ഥാനത്ത് എപ്രകാരം മുതൽക്കൂട്ടാക്കുവാൻ ആകുമെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; | സി) | ലോകമെമ്പാടുമുള്ള കേരളീയരുടെ കഴിവും വൈദഗ്ധ്യവും ഉപയോഗപ്പെടുത്തി കേരളത്തിന്റെ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യ മേഖലകളിൽ കേരളത്തിന്റെ തനതു സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് വികസനം സാധ്യമാക്കാനാണുദ്ദേശിക്കുന്നത്. |
| ഡി) | ലോക കേരള സഭയ്ക്ക് സ്ഥിരം സെക്രട്ടേറിയറ്റും സ്ഥിരം സ്റ്റാഫും ഉണ്ടാക്കുവാൻ പദ്ധതിയുണ്ടോ ; | ഡി) | ലോക കേരള സഭയ്ക്ക് സ്ഥിരം സെക്രട്ടേറിയറ്റും സ്ഥിരം സ്റ്റാഫും ഉണ്ടാക്കാനുള്ള പദ്ധതി ആലോചിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഇ) | ലോക കേരള സഭയിലെ നാമ നിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളെ ഏത് മാനദണ്ഡ പ്രകാരമാണ് തെരഞ്ഞെടുത്തത് ; പല മേഖലകളിൽ നിന്നുള്ള പ്രമുഖർക്ക് പ്രാതിനിധ്യം ലഭിച്ചില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇ) | ലോക കേരള സഭയിലേക്ക് നിയമസഭാംഗങ്ങളും, പാർലമെന്റ് അംഗങ്ങളും ഒഴികെയുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഓരോ സംസ്ഥാനത്തെയും രാജ്യത്തെയും പ്രവാസികളുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതു സമൂഹത്തിനു നല്കിയ സംഭാവനകൾ തുടങ്ങിയ പരിഗണനകൾ മുൻനിർത്തിയാണ് ലോക കേരള സഭയുടെ അംഗങ്ങളെ, ഇതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റി മുഖേന സംസ്ഥാന സർക്കാർ നിശ്ചയിച്ചത്. ലക്ഷക്കണക്കിനു വരുന്ന പ്രവാസി കേരളീയരിൽ നിന്നും 177 പേരെയാണ് തെരഞ്ഞെടുക്കാൻ വ്യവസ്ഥയുള്ളത്. ആയതിനാൽ തന്നെ ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട്, അംഗങ്ങളാകാൻ ആഗ്രഹിച്ചവരുടെ ചില ആക്ഷേപങ്ങൾ ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| എഫ്) | പ്രസ്തുത സഭയിലെ മൂന്നിലൊന്ന് അംഗങ്ങൾ രണ്ട് വർഷം കൂടുമ്പോൾ പിരിഞ്ഞ് പോകേണ്ടതുണ്ടോ ; അപ്രകാരം പിരിയേണ്ടവരെ കണ്ടെത്തുന്നത് എപ്രകാരമാണ് ; വ്യക്തമാക്കാമോ? | എഫ്) | ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. എന്നാൽ രണ്ട് വർഷം കൂടുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നിലൊന്നുപേർ വിരമിക്കുകയും അത്രത്തോളം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുമാണ്. പിരിയേണ്ടവരെ കണ്ടെത്തുന്നത് എപ്രകാരമായിരിക്കണമെന്നത് പിന്നീട് തീരുമാനിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ